| | | | |
|---|---|---|---|
| **പതിമൂന്നാം കേരള നിയമസഭ** | | | |
| **പന്ത്രണ്ടാം സമ്മേളനം** | | | |
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1071** | | **04.12.2014-ൽ മറുപടിക്ക്** | |
| **<u>കൊമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ</u>** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | വൊക്കേഷണൽ ഹയർ സെക്കന്ററി, ഹയർ സെക്കന്ററി എന്നീ വകുപ്പുകളിൽ കൊമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ - സീനിയർ) എത്ര ഒഴിവുകൾ നിലവിലുണ്ട്; | (എ) | വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ) (കൊമേഴ്സ്) വിഷയത്തിൽ 21 ഒഴിവും ഹയർ സെക്കന്ററിയിൽ, ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (സീനിയർ)-ന്റെ 46 ഒഴിവും ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ)-ന്റെ 391 ഒഴിവുകളുമുണ്ട്. |
| (ബി) | ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) | വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ നോൺ വൊക്കഷണൽ ടീച്ചർ (കൊമേഴ്സ്)-ന്റെ 21 ഒഴിവും ഹയർ സെക്കന്ററിയിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (സീനിയർ)-ന്റെ 32 ഉം ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ)-ന്റെ 357 ഒഴിവുകളും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (സി) | വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ എല്ലാ ഒഴിവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹയർ |

| | | | |
|---|---|---|---|
| | | | സെക്കന്ററിയിൽ, സ്പെഷ്യൽ റൂൾ പ്രകാരം നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട മുഴുവൻ ഒഴിവുകളും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ; | (ഡി) | പിരിവ് (സി)യ്ക്കുള്ള മറുപടിയുടെ പശ്ചാത്തലത്തിൽ പ്രസക്തിയില്ല. |
| (ഇ) | ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |
| (എഫ്) | റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന് ശേഷം എത്ര പേർക്ക് നിയമനം കൊടുത്തിട്ടുണ്ട്; | (എഫ്) | പി.എസ്.സി-യിൽ നിന്ന് നിയമന ശിപാർശ ലഭിച്ചു തുടങ്ങിയിട്ടില്ല. |
| (ജി) | റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ജി) | ഒഴിവുകളുടെ ലഭ്യതയനുസരിച്ച് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ